# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4284  20.03.2018 ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം പരിഷ്കരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പരിശീലനത്തിന് പാഠ്യപദ്ധതി തയ്യാറാക്കുമോ; പരിശീലകരെ വിദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പരിശീലകരെ വിദേശങ്ങളിൽ നിന്നും കൊണ്ടുവരുന്നകാര്യം പരിഗണനയിലില്ല. |
| (സി) | പരിശീലന ഫീസ് എത്ര രൂപയായിരിക്കുമെന്നും പരിശീലനകേന്ദ്രം എവിടെ ആയിരിക്കുമെന്നും വിശദമാക്കുമോ; | (സി) | പരിശീലന ഫീസ് 6000/- രൂപയാണ്. മലപ്പുറത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് (ഐ.ഡി.റ്റി.ആർ)ൽ വെച്ചാണ് പരിശീലനം നൽകുന്നത്. |
| (ഡി) | ഡ്രൈവിംഗ് സ്കൂളുകളെ ഏകീകൃതസംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി യൂണിഫോമും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | മോട്ടോർ വാഹന വകുപ്പിന്റെ സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്ത് കഴിഞ്ഞാലുടൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നിന്നും ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളിലെ പരിശീലകർക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ സാധിക്കും. യൂണിഫോം നൽകുന്ന കാര്യം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**